ഭരണഭാഷ-മാതൃഭാഷ

നം.400973/GGGR09/GPO/2024/5957/(2)

ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത് ആഫീസ്
ചേങ്ങോട്ടുകാവ്
എടക്കുളം-കൊയിലാണ്ടി.പി.ഓ
കോഴിക്കോട്
Phone No:04962620266
E-mail:chengottukavugp@gmail.com

തീയതി : 26/12/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ഇൻറേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയം ഭരണ വകുപ്പ്,കോഴിക്കോട്.

സർ,

വിഷയം:- അദാലത്തുകൾ സംഘടിപ്പിക്കൽ,അദാലത്തിലെ ഹരജികളിൻമേലുള്ള നടപടികൾ-ശ്രീ.ബിജു,ശ്രീമതി.സതി എന്നവരുടെ ബിൽഡിംഗ് പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ-റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- ശ്രീ.ബിജു,ശ്രീമതി.സജു എന്നവർ തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥിരം അദാലത്തിൽ സമർപ്പിച്ച പരാതി.

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിലെ ചേലിയ ദേശത്ത് റീ.സർവ്വേ നമ്പർ 20/5 ൽപ്പെട്ട നഞ്ച ഭൂമിയിൽ പെർമിറ്റ് ലഭിക്കുന്നതിന് 29.09.2015 തീയതിയിൽ A3.10255/2015 നമ്പറായി 1.ശ്രീ.ബിജു 2.ശ്രീമതി.സതി , ഒരുവുമ്മൽ(വീട്),ചേലിയ(പി.ഒ) എന്നവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് 25.06.2016 തീയതിയിൽ A3-10255/15/BL143/15-16 നമ്പറായി 233.74 ച.മീ വിസ്തൃതിയിൽ വീട് നിർമ്മിക്കുന്നതിന് 3 വർഷത്തേക്ക് പെർമിറ്റ് അനുവദിച്ചിരുന്നു.പെർമിറ്റിൻറെ കാലാവധി കഴിഞ്ഞിട്ടും ആയത് പുതുക്കിയിട്ടില്ലായിരുന്നു.പിന്നീട് 04.10.2024 തീയതിയിൽ 400979/BARE01/GPO/2024/4963 നമ്പറായി പെർമിറ്റ് പുതുക്കുന്നതിന് ടി വ്യക്തികൾ ഈ ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച ഓവർസിയർ കെട്ടിടത്തിൻറെ നിർമ്മാണം നിലവിൽ പൂർത്തീകരണ ഘട്ടത്തിലാണ് എന്നും അനുവദിച്ച പ്ലാനിൽ നിന്നും വ്യതിചലിച്ചുകൊണ്ട് courtyard ഇല്ലാതെയാണ് കൺസ്ട്രക്ഷൻ നടത്തിയിരിക്കുന്നത് എന്നും(courtyard ൻറെ സ്ഥാനത്ത് നിലവിൽ stair ആണ് നിർമ്മിച്ചിരിക്കുന്നത്) കൂടാതെ gf ലെ porch ന മുകളിൽ പ്ലാനിൽ open terrace ആയാണ് കാണിച്ചിരിക്കുന്നത് എന്നാൽ ടി ഭാഗത്തു നിലവിൽ കൺസ്ട്രക്ഷൻ നടന്നുകൊണ്ടിരിക്കുന്നതായി കണ്ടെത്തി എന്നും permit അനുവദിച്ചതിനേക്കാൾ 1.48 M2 നിലവിൽ അധിക നിർമാണം നടത്തിയതായി കണ്ടെത്തി എന്നും റിപ്പോർട്ട്

ചെയ്തിട്ടുണ്ട്.അതോടൊപ്പം ഭൂമിയുടെ തരം ഒഴികെ KPBR 2011 RULE 27,28 ചട്ടങ്ങൾ പാലിക്കുന്നുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.നിലവിൽ 24.06.2019 തീയതിയിൽ കാലാവധി അവസാനിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ച് കൊണ്ട് പെർമിറ്റ് അനുവദിച്ചതിലും കൂടുതലായി നിർമ്മാണം നടത്തിയതായി കാണുന്നു എന്നതിനാൽ KPBR 2019 RULE 89 പാലിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.ആയതിനാൽ 12.11.2024 തീയതിയിൽ ടി പെർമെറ്റ് പുതുക്കി അനുവദിക്കുന്നതിന് നിർവ്വാഹമില്ല എന്ന വിവരം അപേക്ഷകനെ കത്ത് മുഖേന അറിയിക്കുകയും സമർപ്പിച്ച ഒറിജിനൽ പെർമിറ്റ് ടിയാൻ തിരികെ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by SAJEEVAN E G
Date: 2024.12.26 11:31:21 IST
Reason: ILGMS Govt. of Kerala

സജീവൻ ഇ ജി

സെക്രട്ടറി